# ഉഷ ഹാബ് സ്റ്റോറിൽ തയ്യലിന്റെ വൈവിധ്യങ്ങൾ പഠിക്കാം

**കൊച്ചി:** പ്രമുഖ തയ്യൽ മെഷീൻ നിർമാതാക്കളായ ഉഷ ഈ ക്രിസ്മസിന് കൊച്ചിയിലെ ഹാബ് ഷോറുമിൽ തയ്യലിനെ കുറിച്ച് കൂടുതൽ പഠിക്കാൻ പ്രത്യേക സൗകര്യങ്ങളൊരുക്കിയിരിക്കുന്നു.

ഈ ദിവസങ്ങളിൽ ഷോറൂം സന്ദർശിച്ച് ഉഷയുടെ വിദഗ്ധരിൽ നിന്നും തയ്യലിന്റെ വൈവിധ്യങ്ങൾ പഠിക്കാനുള്ള അവസരമാണ് കമ്പനി ഒരുക്കിയിട്ടുള്ളത്. സമ്മാനങ്ങൾ കൊടുക്കുവാനുള്ള ബാഗുകൾ, എബ്രോയിഡറി കാർഡുകൾ തുടങ്ങിയവയെല്ലാം നിർമിക്കുന്നതെങ്ങിനെയെന്ന് ഇവിടെ നിന്നും പഠിക്കാം. തയ്യലിലെ കലയെ പോഷിപ്പിക്കുകയാണ് ഉഷ ഹാബിന്റെ പ്രധാന്യ ലക്ഷ്യം. ക്രിസ്മസ് സമ്മാനങ്ങൾ നൽകാനുള്ള അലങ്കാര ബാഗുകൾ നിങ്ങൾക്കു തന്നെ വീട്ടിൽ നിർമിക്കാമെന്നും വാതിൽപ്പടികൾ അലങ്കരിക്കുന്നതിനുള്ള സാധനങ്ങൾ ഉണ്ടാക്കുന്നതെങ്ങിനെയെന്നും പഠിക്കാം. എം ജി റോഡിൽ രവിപുരത്തെ ടെൽസ്റ്റാർ ബിൽഡിങിലെ ഷോറുമിലാണ് ഈ സൗകര്യം ഒരുക്കിയിട്ടുള്ളത്. ഫോൺ: 0484 2358570.